# കേരള കാർഷിക സർവ്വകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം
മലപ്പുറം ജില്ല പിൻ:: 676 509 കേരളം
ഫോൺ: 0483- 2848239 ഫാക്സ് 0483- 2848239
ഇ–മെയിൽ: arsanakkayam@kau.in

നമ്പർ: 598/07 തിയതി : 28-1-2012

## നഴ്സറി പരിപാലനത്തിൽ പരിശീലനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മലപ്പുറം ജില്ലയിലെ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽവെച്ച് നഴ്സറി പരിപാലനത്തിലും ഗ്രാഫ്റ്റിംഗ്, ബഡിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകളിലും പച്ചക്കറി വിത്തുൽപാദന മുറകളിലും ആറുമാസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നു. കൃഷി ഐച്ഛികമായെടുത്ത് വി.എച്ച്.എസ്.സി. പാസായവരെയാണ് ഈ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കുക. വി.എച്ച്.എസ്.സി. പാസായവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. പാസായവരെയും പരിഗണിക്കുന്നതാണ്.

10 പേരെയാണ് 2012 മാർച്ച് 1ന് ആരംഭിയ്ക്കുന്ന ഏഴാമത്തെ ബാച്ചിലേക്ക് തെരഞ്ഞെടുക്കുക. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 1000/- രൂപ സ്റ്റൈപ്പൻറ് നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള നിശ്ചിത യോഗ്യതയുള്ളവർ പേര്, വിലാസം, ജനന തീയതി, മതം–ജാതി, വിദ്യാഭ്യാസ യോഗ്യത, മാർക്ക്, മാർക്ക് ശതമാനം മറ്റു യോഗ്യതകൾ, ഫോൺ നമ്പർ എന്നിവ കാണിക്കുന്ന വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോ ഡാററയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഈ ഓഫീസിൽ 18-2-2012 ശനിയാഴ്ച രാവിലെ 9.30ക്ക് **വാക്ക് ഇൻ ഇൻറർവ്യൂവിന്** **(Walk in interview)** ഹാജരാകേണ്ടതാണ്.

(ഒപ്പ്)
പ്രൊഫസർ & ഹെഡ്